**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 628** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഊരകം ഖാദി നെയ്ത്ത് കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുല്ലശ്ശേരി പഞ്ചായത്തിലെ ഊരകം ഖാദി നെയ്ത്ത് കേന്ദ്രത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) | നിലവിൽ ആറ് മസ്‌ലിൻ നെയ്ത്ത് തൊഴിലാളികളും, ആറ് നെയ്ത്ത് ട്രെയിനീസും, ഇവർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകാൻ ഒരു ഇൻസ്ട്രക്ടറും ഉണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രത്തിന്റെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഈ കേന്ദ്രത്തിന്റെ ഉന്നമനത്തിനായി 8 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഗ്രാമസഭയിൽ തൊഴിൽ രഹിതരായ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഇടപെടലുകൾ വേണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഈ കേന്ദ്രത്തിൽ ആറ് ട്രെയിനീസ് ജോലി ചെയ്തു വരുന്നുണ്ട്. |
| (സി) | സ്ഥാപനത്തിന്റെ ഒരു ഭാഗത്തുള്ള ഭൂമി അനധികൃതമായി ഇടിച്ച് മണ്ണെടുത്തതിനാൽ കെട്ടിടം അപകടകരമായ സ്ഥിതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിനായി സംരക്ഷണ മതിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു |
| (ഡി) | നിലവിലുള്ള നെയ്ത്തുകേന്ദ്രം ആധുനികീകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്വീകരിച്ചു വരുന്നു. നിലവിലുള്ള നെയ്ത്ത് കേന്ദ്രത്തിൽ മസ്‌ലിൻ കോറ ഡബിൾ മുണ്ട് ആണ് വർഷങ്ങളായി നെയ്തു കൊണ്ടിരിക്കുന്നത്. നെയ്ത്തിനോടൊപ്പം സ്ത്രീകളെ ആകർഷിക്കുന്ന സെറ്റ് സാരിയും കളർ സാരിയും നെയ്യാൻ ആരംഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പത്ത് Take-up Motion തറി സ്ഥാപിക്കുന്നതിനും, മസ്‌ലിൻ കളർ സാരിയുടെ വിപുലമായ ഉത്പാദനത്തിനും ലക്ഷ്യമിടുന്നു. പഞ്ചായത്തിലെ പത്ത് തൊഴിൽ രഹിതരായ വനിതകൾക്ക് സ്ഥിരം തൊഴിൽ നൽകാനും അവരുടെ ജീവിത നിലവാരം ഉയർത്തുവാനും ഇതുവഴി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ